LIBRARY ARCHIVES Kerala Legislative Assembly

മദ്രസാ ഗ്രാന്റ്

24 (2492) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്രസാ ഗ്രാന്റ് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക വീതമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഫണ്ട് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളിൽ വീഴ്ച വരുത്തിയതുകാരണം ഗ്രാന്റ് നഷ്ടപ്പെട്ടിട്ടുണ്ടോ ; വീഴ്ച സംഭവിക്കാനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 2012-13 വർഷത്തിൽ 7.76 കോടി രൂപയും 2013-14 വർഷത്തിൽ 70.97 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു.

(ബി) 2012-13 വർഷത്തിൽ 7.76 കോടി രൂപയും 2013-14 വർഷത്തിൽ 58.50 കോടി രൂപയും ചെലവഴിച്ചു.

(സി) ഗ്രാന്റ് നഷ്ടപ്പെട്ടതായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല.

എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ്

25 (2494) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) നിലവിൽ എൽ.പി., യു.പി, സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള മെയിന്റനൻസ് ഗ്രാന്റിന്റെ നിരക്ക് എത്രയാണ് ;